# ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്



## പതിനാലാം പഞ്ചവത്സര പദ്ധതി

## 2022–27

നവകേരളത്തിന് ജനകീയാസൂത്രണം

അന്തിമപദ്ധതി രേഖ

2026–27

# ആമുഖം



പ്രിയസുഹൃത്തേ,

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ അവസാന വർഷമായ 2026–27 സാമ്പത്തിക വർഷത്തിലേക്കുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. പുതുതായി അധികാരമേറ്റ ഭരണസമിതിയുടെ ആദ്യ പദ്ധതിയാണ്.

ഉല്പാദന മേഖലയെ വളർത്തി സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് എല്ലാ മേഖലക്കും പ്രാതിനിധ്യം നൽകി പദ്ധതികൾ ആവിഷ്കരിക്കണം എന്നുള്ളതാണ് ഭരണസമിതിയുടെ കാഴ്ചപ്പാട്. കൂടാതെ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ മാർഗ്ഗനിർദ്ദേശ പ്രകാരം അതിദാരിദ്ര്യം. ശുചിത്വ –മാലിന്യസംസ്കരണം, ലൈഫ് ഭവനനിർമ്മാണം, പ്രാദേശിക സാമ്പത്തിക വികസനം, പ്രാഥമിക ഉല്പാദന മേഖലകളുടെ പ്രോത്സാഹനം തുടങ്ങിയ പദ്ധതികൾക്ക് മുൻതൂക്കം നൽകിയാണ് ഈ പദ്ധതിരേഖ ആവിഷ്കരിച്ചിരിക്കുന്നത്.

പഞ്ചായത്തിന്റെ പൊതുനന്മയ്ക്ക് ഉതകുന്ന കർമ്മ പദ്ധതി നിർദ്ദേശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ നല്കിയിരുന്നു. വാർഡ് തലത്തിൽ നിർവ്വഹിക്കേണ്ട എല്ലാ പദ്ധതി പ്രവർത്തനങ്ങളും ഗ്രാമസഭ വഴി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും പഞ്ചായത്തിന് ലഭ്യമാകുന്ന വിഭവ സ്രോതസ് പരിമിതമായതിനാൽ നിർദ്ദേശിക്കപ്പെട്ട എല്ലാ പദ്ധതികളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. പരിമിതമായ വിഭവസ്രോതസ്സുകൾ ഉപയോഗിച്ച് സർക്കാർ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മുൻഗണന അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി രൂപീകരണ പ്രക്രിയയിൽ വിലപ്പെട്ട നിർദ്ദേശങ്ങളും സഹകരണങ്ങളും നൽകിയ ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് 2026–27 കരട് പദ്ധതിരേഖ സമർപ്പിക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ തുടർന്നുള്ള എല്ലാ ജനസേവന പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

പ്രിൻസി ഡേവീസ്
പ്രസിഡന്റ്
ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്